ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

84 (84) വിഷമദ്യദുരന്തം

ശ്രീമതി രാധാ രാഘവൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഏപ്രിൽ അവസാനം കുട്ടനാട്ടിലും കോട്ടയം ജില്ലയിലെ കാഞ്ഞിരത്തും വിഷമദ്യദുരന്തം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ ദുരന്തത്തിൽ എത്ര പേർ മരിച്ചുവെന്നും എത്രപേർ അവശ നിലയിലായി എന്നും അറിയിക്കുമോ;

(സി) ഈ ദുരന്തത്തിനിടയാക്കിയ വിഷമദ്യം തൊണ്ടിയായി എടുത്തുവോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) മരണം വിതച്ച ഈ വിഷമദ്യം വിറ്റവരുടെമേൽ എന്തു നടപടി എടുത്തു; ഇവരുടെ മേൽ കൊലക്കുറ്റത്തിന് കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുത്തു;

(ഇ) ഇത് സംബന്ധിച്ച് ആരെയെല്ലാം അറസ്റ്റ് ചെയ്തുവെന്നും മദ്യ ദുരന്തം നടന്ന് എത്രദിവസം കഴിഞ്ഞാണ് ഇവരെ അറസ്റ്റ് ചെയ്തതെന്നും ഇവരെ അറസ്റ്റ് ചെയ്യാനുള്ള കാലതാമസത്തിന് കാരണം എന്തെന്നും അറിയിക്കുമോ;

(എഫ്) ഈ വ്യാജമദ്യദുരന്തത്തപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) മുതൽ (എഫ്) വരെ ഇത്തരം ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

85 (85) പോലീസുകാർ കുറ്റവാളികളായിട്ടുള്ള കേസ്സുകൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കുറ്റവാളികളായിട്ടുള്ള എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ മോഷണം, കബളിപ്പിക്കൽ, ബലാൽസംഗം, പിടിച്ചുപറി, ദേഹോപദ്രവം എന്നിവ ഉൾക്കൊള്ളുന്ന എത്ര കേസ്സുകൾ ഉണ്ട്;

(സി) ഏതു റാങ്കുകളിൽപ്പെടുന്ന പോലീസുകാരാണ് ഇത്തരം കൃത്യങ്ങളിലെ കുറ്റവാളികൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly